**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1054

05/03/2018 - ൽ മറുപടിക്ക്

## യു. ജി. സി. ചട്ടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | പ്രൊഫ.സി.രവീന്ദ്രനാഥ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ച യു. ജി. സി. ചട്ടങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;<br>(ബി) പുതിയ യു. ജി. സി. ചട്ടങ്ങൾ ഓട്ടോണമസ് കോളേജുകൾക്ക് മേലുള്ള യൂണിവേഴ്സിറ്റികളുടെ നിയന്ത്രണം ഇല്ലാതാക്കുമോ ; വ്യക്തമാക്കുമോ ;<br>(സി) ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പുതിയ ചട്ടങ്ങൾ എത്രത്തോളം ഹിതകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ? | (എ) യും (ബി) യും (സി) യും | ഉണ്ട്. സ്വയം ഭരണ കോളേജുകളെ സംബന്ധിച്ച് യു. ജി. സി. 2018ൽ പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെ മേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല. സ്വയം ഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുന: സംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി യോഗം ഡോ.ജോയി ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മറ്റിയെ നിയോഗിച്ചിരിക്കുകയാണ്. സ്വയം ഭരണ കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെന്റ് പ്രതിനിധികളും അനദ്ധ്യാപകരും അടക്കമുള്ള ബന്ധപ്പെട്ട എല്ലാ കക്ഷികളുമായും ആശയവിനിമയം നടത്തുവാൻ മേൽ കമ്മറ്റി ശ്രമിച്ചു വരുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 'ഉന്നത വിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20/02/2018 ൽ കൂടിയ ഉന്നത വിദ്യാഭ്യാസ |

കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**